# കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെൽത്ത് സർവ്വീസസിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിയമിതരായ താൽക്കാലിക ജീവനക്കാരുടെ സേവനം 3 മാസത്തേയ്ക്ക് കൂടി താല്ക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 209/2014/ആകവ തീയതി, തിരുവനന്തപുരം, 20.01. 2014.

പരാമർശം :- 1. 20.06.2012 ലെ സ.ഉ (കൈ) നം. 187/2012/ആകവ.
2. 20.9.12 ലെ സ.ഉ (കൈ) നം. 308/2012/ആകവ
3. 05.10.12 ലെ സ.ഉ (കൈ) നം. 332/2012/ആകവ.
4. 22.12.2012 ലെ സ.ഉ (കൈ) നം.434/2012/ആകവ.
5. 30.03.2013 ലെ സ.ഉ (കൈ) നം.118/2013/ആകവ.
6. 6.06.2013 ലെ സ.ഉ. (കൈ) നമ്പർ 220/2013/ആകവ.
7.31.05.2013 ലെ സ.ഉ. (കൈ) നം. 212/2013/ആകവ
8.06.07.2013 ലെ സ. ഉ.(സാധാ) നം.2433/201 3/ആകവ
9.18.10.13 ലെ സ. ഉ. (കൈ) നം. 416/2013/ആകവ

### ഉത്തരവ്

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം ഹെൽത്ത്സർവ്വീസസിൽ 14 ജില്ലകളിലായി 3 മാസത്തേയ്ക്ക് താല്ക്കാലികമായി 209 ഡോക്ടർമാർ, 375 സ്റ്റാഫ് നഴ്സുമാർ, 211 ഫാർമസിസ്റ്റുമാർ, 145 ലാബ് ടെക്നീഷ്യർ, 320 ഹെൽത്ത് ഇൻസ്പെക്ടർമാർ, 245 സ്പ്രേമെൻ, 397 ക്ലീനിംഗ് സ്റ്റാഫുകൾ എന്നീ വിഭാഗങ്ങളിലായി 1902 പേരെ നിയമിക്കുകയുണ്ടായി. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മേൽ ജീവനക്കാരുടെ കാലാവധി പരാമർശം 2 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം 3 മാസം വീതവും, പരാമർശം 6, 8 എന്നീ ഉത്തരവുകൾ പ്രകാരം നാല് മാസത്തേയ്ക്കും (2013 ഒക്ടോബർ 16 വരെ) ദീർഘിപ്പിച്ചു നൽകുകയുണ്ടായി. പരാമർശം 7 ലെ ഉത്തരവ് പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിൽ താല്ക്കാലികമായി 120 നഴ്സുമാർ, 10 ഫാർമസിസ്റ്റുകൾ, 10 ലാബ്

ടെക്നീഷ്യൻമാർ, 63 അറ്റന്റർമാർ എന്നിവരെ 4 മാസത്തേയ്ക്ക് നിയമിക്കുകയുണ്ടായി. പരാമർശം 9 ലെ ഉത്തരവ് പ്രകാരം ഹെൽത്ത്സർവ്വീസസിൽ നിയമിതരായ 1213 പേരുടേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമിതരായ 203 പേരുടേയും സേവനം മൂന്ന് മാസത്തേക്കുകൂടി വീണ്ടും ദീർഘിപ്പിക്കുകയുണ്ടായി. ഇപ്രകാരം നിയോഗിച്ചിരുന്ന താല്ക്കാലിക ജീവനക്കാരുടെ സേവന കാലാവധി 2014 ജനുവരി 14 ന് അവസാനിക്കുകയുണ്ടായി.

2) മേൽ സൂചിപ്പിച്ച ജീവനക്കാരുടെ സേവനം വിനിയോഗിച്ച് മെച്ചപ്പെട്ട രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതുമൂലം പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കാനായിട്ടുണ്ട്. ഇപ്രകാരം നിയമിതരായ 1902 പേരിൽ 901 പേർ ഹെൽത്ത് സർവ്വീസസിലും, 171 പേർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. ഇവരുടെ സേവനം തുടർന്നും മൂന്ന് മാസത്തേയ്ക്കുകൂടി താൽക്കാലികമായി നീട്ടുന്നത് ഇപ്പോൾ തുടർന്നുവരുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

3. മേൽസാഹചര്യത്തിൽ ഹെൽത്ത് സർവ്വീസസ് വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്ന 901 ജീവനക്കാരുടേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്ന 171 ജീവനക്കാരുടേയും സേവനകാലാവധി 15.01.2014 മുതൽ മൂന്ന് മാസത്തേയ്ക്കു കൂടി താല്ക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

4. ഈ കാലയളവിലേയ്ക്ക് ഇവർക്കുള്ള വേതനം നൽകുന്നതിനായി ഒരു മാസത്തേയ്ക്ക് 86 ലക്ഷം രൂപ എന്ന നിരക്കിൽ ഹെൽത്ത് സർവ്വീസസ് വകുപ്പിന് 2.6 കോടി രൂപയും (രണ്ടു കോടി 60 ലക്ഷം രൂപ മാത്രം), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ഒരു മാസത്തേക്ക് 21 ലക്ഷം രൂപ നിരക്കിൽ 63 ലക്ഷം രൂപയും (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. കെ. ഇളങ്കോവൻ,
സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ. ആർ.എച്ച്. എം, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം.
അഡിഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ
പൊതുഭരണ (എസ്. സി) വകുപ്പ് ( 15.01.14 ലെ ഇനം നം. 4781 പ്രകാരം)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്